# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2165 8.12.2014-ൽ മറുപടിയ്ക്ക്

കണ്ടൽ വനമേഖലകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പൊതുസ്ഥലങ്ങളിലെ കണ്ടൽവന മേഖലകൾ സംരക്ഷിക്കാൻസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | എ) കണ്ടൽവനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നല്കുന്ന സേവനങ്ങളും കണക്കിലെടുത്ത് 2010-ൽ കണ്ടലുകൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കുകയും ആയതിന്റെ ഭാഗമായി തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെ ക ണ്ടലുകൾ സംരക്ഷിക്കുന്നതിലേയ്ക്കായി സർക്കാരിന്റെ നിലവിലുള്ള ജി.ഒ. (ആർ.റ്റി.)നം.354/2013/വനം തീയതി 12.09.2013) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക ണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്ക് ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽ പുനരുല്പാദനത്തിന് ധനസാഹായം നൽകുക,പദ്ധതിക്കുവേ ണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, ക ണ്ടൽക്കാടുകളുടെ സംരക്ഷണത്തിനു വേ ണ്ടി ക ണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000/- രൂപ പാരിതോഷികമായി നല്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നു ണ്ട്. കേരള പ്രോമോഷൻ ട്രീ ഗ്രോത്ത് ആക്ട് 2005 സെക്ഷൻ 6(3) പ്രകാരം ക ണ്ടൽ കാടുകൾ എല്ലാം വിജ്ഞാപനം ചെയ്ത മേഖലയാണ്. ആയതിനാൽ ഒരു ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള ക ണ്ടലുകളുടെ ഉടമകൾക്ക് മരം വെട്ടുന്നതിന് അതാത് സ്ഥലത്തെ അധികാരപ്പെടുത്തിയ ഓഫീസറുടെ അനുവാദം വാങ്ങേ ണ്ടതാണ്. |
| ബി) മാലിന്യ നിക്ഷേപത്തെ തുടർന്ന് കണ്ടൽവനങ്ങളുടെജൈവ സമ്പന്നത നശിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. |

| | |
|---|---|
| സി) എങ്കിൽ ബോധവത്കരണ പദ്ധതിയിലൂടെ ഇത്തരം വനങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ